## ഇന്തോനേഷ്യന് പ്രസിഡണ്ടിന്റെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം

ഡിസംബര് 12, 2016

ഇന്തോനേഷ്യയുടെ പ്രസിഡണ്ട് ഹിസ് എക്സലൻസി ജോകോ വിഡോഡോ , ഡിസംബര് 12, 13 ( ഡിസംബര് 12-13, 2016) തീയതികളില് ഔദ്യോഗിക സന്ദർശനത്തിന് ഇന്ത്യയിലെത്തി . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ചായിരുന്നു സന്ദർശനം

ഒക്ടോബര് 2014ല് അധികാരത്തില് കയറിയതിനു ശേഷം പ്രസിഡണ്ട് ജോകോ വിഡോഡോയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്

പ്രസിഡണ്ട് ജോകോ വിഡോഡോയുടെ കൂടെ അദ്ദേഹത്തിന്റെ പത്നി ശ്രീമതി ഇരിയാന വിഡോഡോ, നിരവധി ക്യാബിനറ്റ് മന്ത്രിമാര് , ഉന്നത ഉദ്യോഗസ്ഥര് , ഇന്തോനെഷ്യയിലെ ബിസിനസ് രംഗത്തെ അതികായരുടെ 22 അംഗ പ്രതിനിധി സംഘം എന്നിവരും ഇന്ത്യയില് എത്തി .

സന്ദർശനം നടത്തുന്ന വിശിഷ്ടാതിഥി രാഷ്ട്രപതി ഭവനിലെ ഗാർഡ് ഓഫ് ഓണര് ഡിസംബര് 12 നു പരിശോധിക്കുകയും മഹാത്മാഗാന്ധിയുടെ സമാധിയില് പുഷ്പ ചക്രം അർപ്പിക്കുകയും ചെയ്തു .

ഇന്തോനേഷ്യന് പ്രസിഡണ്ട് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ഡിസംബര് 12നു പ്രതിനിധി തല ചർച്ച നടത്തുകയും ചെയ്തു . സന്ദർശനം നടത്തുന്ന ഇന്തോനേഷ്യന് പ്രസിഡണ്ടിനോടും അദ്ദേഹത്തിന് ഒപ്പമുള്ള പ്രതിനിധിസംഘത്തോടുമുള്ള ബഹുമാനാർഥം പ്രധാനമന്ത്രി ഒരു ഉച്ചയൂണ് സൽക്കാരം ഒരുക്കുകയുണ്ടായി .

ഉപരാഷ്ട്രപതി ശ്രീ എം ഹമീദ് അൻസാരി പ്രസിഡണ്ട് ജോക്കോ വിഡോഡോയുമായി ഉച്ചതിരിഞ്ഞു കൂടിക്കാഴ്ച നടത്തുകയുണ്ടായി . ആദരണീയനായ രാഷ്ട്രപതി പ്രസിഡണ്ട് വിഡോഡോയുമായി ചർച്ചകള് നടത്തുകയും അദ്ദേഹത്തിനും പ്രതിനിധി സംഘങ്ങൾക്കുമായി ഒരു വിരുന്നുസൽക്കാരത്തിന് ആതിഥ്യം അരുളുകയും ചെയ്തു.

ഇരു രാജ്യങ്ങൾക്കുമിടയിലെ സിഇഒ ഫോറം രാവിലെ തന്നെ ചർച്ചകള് നടത്തുകയും വ്യാപാരം കൂട്ടുന്നതിലും നിക്ഷേപ ബന്ധങ്ങളിലുമുള്ള അവരുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിരുന്നു . ഇന്ത്യയിലെ

വ്യാപാര രംഗത്തെ പ്രമുഖരുടെ ഒരു പരിച്ഛേദം  പ്രത്യേകിച്ചും ഫാർമ, ഐടി, അടിസ്ഥാന സൌകര്യ മേഖലകളില് ഉള്ളവരുടെ ,സന്ദർശനം നടത്തുന്ന പ്രസിഡണ്ടുമായി  നാളെ  കൂടിക്കാഴ്ച നടത്തും

എമിനന്റ് പേർസൺസ് ഗ്രൂപ്പ്  ആരംഭിക്കുവാനും  നമ്മുടെ ഉഭയകക്ഷി ബന്ധങ്ങൾക്കായി  വിഷന് 2025 ഉണ്ടാക്കുവാനും ഇരു രാജ്യങ്ങളിലേയും നേതാക്കള് ആവശ്യപ്പെട്ടിരുന്നു. രണ്ടായിരത്തി പതിനാറില് നടന്ന മൂന്നു വട്ട ചർച്ചകളിലൂടെ റിപ്പോർട്ട് ഇപ്പോള് പൂർണമാകുകയും വിദേശകാര്യമന്ത്രി റെറ്റിനോ മാര്സുദിയും കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ എം.ജെ അക്ബറും സന്ദർശനം നടത്തിയ അവസരത്തില് അത് പ്രകാശനം ചെയ്യുകയും ചെയ്തിരുന്നു . അത് അഞ്ചു മേഖലകളെ പ്രതിപാദിക്കുന്നു
തന്ത്രപ്രധാന ഇടപാടുകള്
പ്രതിരോധവും സുരക്ഷാ സഹകരണവും
സമഗ്ര സാമ്പത്തിക പങ്കാളിത്തം
സാംസ്ക്കാരികവും ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളും- പൊതു വെല്ലുവിളികളോട് പ്രതികരിക്കുന്നതിലെ സഹകരണം

ഫെബ്രുവരി 2000 മുതല് സ്റ്റേറ്റ് /ഗവണ്മെന്റ് തലവന്മാര് നടത്തിയ പതോളം സന്ദര്ശനങ്ങള് ഇരു ഭാഗത്തേക്കും ഉണ്ടായിരുന്നു, അത് ഉഭയകക്ഷി ഇടപാടുകള് വര്ദ്ധിപ്പിക്കുവാനും അതിന്റെ ഭാവിയിലെ സാധ്യതകള് തിരിച്ചറിയാനും സഹായകമായി

നവംബര് 13, 2014 ല് നായ് പേയില് നടന്ന ഇരുപത്തിയഞ്ചാമത് ആസിയാന് ഉച്ചകോടിയോട് അനുബന്ധിച്ചാണ് പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇന്തോനേഷ്യയുടെ പ്രസിഡണ്ട് ജോക്കോ വിഡോഡോയെ  കാണുന്നത്. അപ്പോള് അദ്ദേഹം ഇന്ത്യ സന്ദര്ശിക്കുവാനുള്ള ക്ഷണം പ്രസിഡണ്ട് ജോക്കോ വിഡോഡക്ക് നല്കുകയും ചെയ്തു. ആ യോഗത്തില് ഉഭയകക്ഷി ബന്ധങ്ങള് പൂര്ണമായും അവലോകനം ചെയ്യാന് അവര്ക്ക് സാധിച്ചു

ഇന്ത്യയും ഇന്തോനേഷ്യയും ദീര്ഘകാലമായി പങ്ക് വയ്ക്കുന്ന ചരിത്ര സാമ്യതകളും വളരെ അടുപ്പമുള്ള സാംസ്ക്കാരിക ബന്ധങ്ങളും ആസ്വദിക്കുന്നു . രണ്ടായിരത്തി അഞ്ചു മുതലേ ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിയും ആസിയാനിലെ പ്രധാന വ്യാപാര പങ്കാളിയുമാണ് ഇന്തോനേഷ്യ

ആസിയാനിലെ നമ്മുടെ നേരിട്ടുള്ള വ്യാപാരത്തില് ഏറ്റവും വലിയ പങ്കാളിയാണ് ഇന്തോനേഷ്യ. ( ഏകദേശം 16 ബില്യണ് യുഎസ് ഡോളര്

ഇരുവശ വ്യാപാരത്തില് ) , മാത്രവുമല്ല , വെളിയിലേക്കുള്ള നിക്ഷേപത്തിലും പ്രധാന ലക്ഷ്യവുമാണവര് ( ഏകദേശം 15 ബില്യണ് യുഎസ് ഡോളര് )

ഇന്തോനേഷ്യന് പ്രസിഡണ്ട് നടത്തുന്ന ഇന്ത്യാ സന്ദര്ശനം, വ്യവസായം, നിക്ഷേപം, തന്ത്രപ്രധാന ബന്ധങ്ങള് എന്നിവ ഉള്പ്പെടെ ഉഭയകക്ഷി ബന്ധങ്ങള് ഉറപ്പാക്കുവാനും ശക്തിപ്പെടുത്തുവാനും ഉള്ള അവസരമാണ് നല്കുന്നത് . നമ്മളുമായി പൊതു സംസ്ക്കാരത്തില് ഒരുപാട് സാമ്യതകള് ഉള്ള, വളരെ അടുപ്പമുള്ള സമുദ്രസംബന്ധ അയല്വാസിയും , ബഹുവിശ്വാസിയായ , ഒരു ജനാധിപത്യ രാജ്യവുമായി ഇപ്പോഴത്തെ ആഗോള പശ്ചാത്തലത്തിലും ഭാവിയിലും വളരെ അടുപ്പമുള്ള, ശക്തമായ ബന്ധം സൂക്ഷിക്കുവാനും സഹായിക്കും

ഇന്ത്യയുടെ ആക്ട് ഈസ്റ്റ് പോളിസിയുടെ പ്രധാന ഘടകമാണ് ഇന്തോനേഷ്യയുമായിട്ടുള്ള ശക്തമായ ഒരു ബഹുമുഖതല ബന്ധം

ചർച്ചയില് ഉരുത്തിരിഞ്ഞവ :

i) ഇരു രാജ്യങ്ങളും മൂന്നു കരാറുകള് ഒപ്പുവച്ചു:
- യുവജനകാര്യങ്ങള് കായികം ധാരണാപത്രം
- വ്യവസ്ഥകളില് ധാരണാ പത്രം
- അനധികൃത , അംഗീകൃതമല്ലാത്ത മത്സ്യബന്ധനത്തില് സംയുക്ത ഔദ്യോഗിക പ്രസ്താവന

ii) നടപ്പാക്കിയത് :
- വളരെ വിശാലമായ സംയുക്ത പ്രസ്താവന
- സമുദ്രകാര്യ സഹകരണത്തിനെ കുറിച്ചുള്ള ഒരു പ്രസ്താവന , അത് ഈ മേഖലയില് സഹകരണത്തിനുള്ള ധാരണാപത്രം ഉണ്ടാക്കുവാന് ഇരു വിഭാഗത്തിനും അധികാരപത്രം നൽകുന്ന ഒന്ന്

iii) നേതാക്കളുടെ വാർഷിക യോഗത്തിന് തീരുമാനമായി

iv) ആരംഭിക്കുവാന് തീരുമാനിച്ചവ
- തന്ത്രപ്രധാന ചര്ച്ച
- ഒരു സുരക്ഷാ ചർച്ച

v) പുതിയ ഒരു സമഗ്ര പ്രതിരോധ സഹകരണ കരാര് ഇടപാടിന് തീരുമാനം

vi) 2017 ആദ്യ ആറു മാസങ്ങൾക്കുള്ളില് തന്നെ താഴെ പറയുന്ന സംവിധാനങ്ങള് നടത്തുമെന്ന് തീരുമാനിച്ചു
-സംയുക്ത മന്ത്രിതല കമ്മീഷന്
- പ്രതിരോധ മന്ത്രിമാരുടെ ചർച്ചയും സംയുക്ത പ്രതിരോധ സഹകരണ സമിതിയും
- ദ്വിവര്ഷ വ്യാപാരമന്ത്രിമാരുടെ സമിതി
- മന്ത്രിതല ഊർജ്ജ ഫോറം

v) ചടങ്ങിനോട് അനുബന്ധിച്ച് രണ്ടു രാജ്യങ്ങളിലേയും ഉന്നത കോർപ്പൊറേറ്റുകളിലെ 40 സിഇഒ മാരുടെ ഉഭയകക്ഷി സിഇഒ ഫോറം ആദ്യ യോഗവും നടന്നു

vi) ഇന്ത്യാ-ഇന്തോനേഷ്യ എമിനന്റ് പേർസൺസ് ഗ്രൂപ്പ് ഈ വർഷമാദ്യം മൂന്നു തവണ യോഗം ചേരുകയും , അവരുടെ റിപ്പോർട്ടും 2025 ലേക്കും അതിനു ശേഷവുമുള്ള ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ചുള്ള വിഷന് 2025 രേഖയും അവതരിപ്പിച്ചു

vii) ഇരു രാജ്യങ്ങൾക്കുമിടയിലുള്ള ആദ്യത്തെ നേരിട്ടുള്ള വിമാന സർവീസ് ഇന്ന് പുലർച്ചെ ഫ്ലാഗ് ഓഫ് ചെയ്തു . ഗരുഡ ഇന്തോനേഷ്യയാണ് അവരുടെ ഫ്ലൈറ്റ് ജക്കാർത്ത മുതല് മുംബൈ വരെ ആരംഭിച്ചത്

ന്യൂ ഡെൽഹി
ഡിസംബര് 12, 2016